ആലുവയിൽ രണ്ട് മോഷ്ടാക്കൾ പിടിയിൽ. എരുമത്തല പുഷ്പനഗർ കുന്നത്ത് വീട്ടിൽ രഞ്ജിഷ് രാജു (24) കുട്ടമശേരി വെളിയത്ത് പാരപ്പിള്ളി ജയൻ (42) എന്നിവരെയാണ് ആലുവ പോലീസ് പിടികൂടിയത്. റെയിൽവേ സ്റ്റേഷൻ പരിസരത്ത് പാർക്ക് ചെയ്തിരുന്ന ബൈക്കാണ് രഞ്ജിഷ് മോഷ്ടിച്ചത്. നമ്പർ പ്ലേറ്റുകൾ ഇളക്കി മാറ്റിയ നിലയിൽ ബൈക്ക് ഇയാളിൽ നിന്ന് കണ്ടെടുത്തു. ആലുവ പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപത്തുള്ള കടയിൽ നിന്നും മൊബൈൽ മോഷ്ടിച്ചതിനാണ് ജയനെ അറസ്റ്റ് ചെയ്തത്. പോലീസ് നടത്തിയ ശാസ്ത്രിയ അന്വേഷണത്തിനൊടുവിലാണ് പ്രതികൾ പിടിയിലായത്.